പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 108 09-03-2015 – ൽ മറുപടിയ്ക്ക്

**പൊന്നാനി മത്സ്യബന്ധന തുറമുഖം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. പി. ശ്രീരാമകൃഷ്ണൻ** | | **ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | പൊന്നാനി മത്സ്യബന്ധന തുറമുഖം പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇനി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കാമോ ; | എ) | പൊന്നാനി മത്സ്യബന്ധന തുറമുഖം പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിന് ടി സ്ഥലത്തുള്ള മത്സ്യം സൂക്ഷിക്കുന്ന 78 താൽക്കാലിക ഷെഡുകൾ ( ചാപ്പകൾ) നീക്കം ചെയ്യേണ്ട തുണ്ട്. ആയതിനു പ കരം മത്സ്യം സൂക്ഷിക്കുന്നതിനായി 60 മുറികൾ ഹാർബറിനുള്ളിൽ പണിയുന്നതിനായി 313 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആർ.കെ.വി.വൈ സ്കീമിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഹാർബറിൽ നിലവിലുള്ള ഫിഷ്സ്റ്റോറേജ് ഷെഡ് 18 മുറികളിലായി പാർട്ടീഷൻ ചെയ്യുന്ന പ്രവൃത്തിയ്ക്കായി 23.2.2015-ന് ദർഘാസ് ക്ഷണിക്കുകയുണ്ട ായി. എന്നാൽ ദർഘാസിൽ ആരും പങ്കെടുക്കാത്തതുകൊണ്ട് 9-3-2015-ന് അവസാന തീയതിയായി പുനർദർഘാസ് ക്ഷണിച്ചിരിക്കുകയാണ്<br><br>വാർഫിൽ ലാന്റ് ചെയ്യുന്ന ബോട്ടുകൾ വാർഫിൽ തട്ടി കേടുപാടുകൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെടുകയും ഇതൊഴിവാക്കുന്നതിനായി വാർഫിൽ കൂടുതൽ ടയർഫെന്ററുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. |
| ബി) | ഇവിടത്തെ തിരയിളക്കം മൂലം ബോട്ടുകൾ അടുപ്പിക്കാൻ കഴിയാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | എങ്കിൽ ഇതേക്കുറിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; അതിനായി എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | സി) | ഉദ്ദേശിക്കുന്നുണ്ട്.<br>പൊന്നാനി ഹാർബറിന്റെ മാതൃകാ പഠനം നടത്തിയ പൂനെയിലെ CWPRS അധികൃതരോട് ഇത് സംബന്ധിച്ച പഠനം നടത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് 27-2-2015-ന് CWPRS അധികൃതർ പൊന്നാനി ഹാർബർ |

| | | | |
|---|---|---|---|
| | | | സന്ദർശിക്കുകയുായി. CWPRS -ൽ നിന്ന് ലഭിക്കുന്ന നിർദ്ദേശാനുസരണം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഡി) | ഹാർബർ ജെട്ടിയോട് ചേർന്ന് റബ്ബർ ഫെൻസിംഗ് നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; ഇത് അടിയന്തരമായി പൂർത്തിയാക്കാൻ കഴിയുമോ എന്ന് വിശദമാക്കാമോ ; | ഡി) | വാർഫിൽ കൂടുതൽ ടയർഫെന്ററുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടു ണ്ട്. മാർച്ച് മാസാവസാനത്തോടെ പൂർത്തീകരിക്കുന്നതാണ് |
| ഇ) | മത്സ്യം സൂക്ഷിക്കുന്നതിനുള്ള സ്റ്റോറേജ് സെല്ലുകൾ നിർമ്മിക്കുന്ന പ്രവൃത്തികൾ ഏതുവരെയായി; ഇവ കൂടുതൽ എണ്ണം നിർമ്മിക്കുന്നതിനുള്ള നടപടി ഉടൻ തുടങ്ങാനാകുമോ എന്ന് വിശദമാക്കാമോ? | ഇ) | മത്സ്യം സൂക്ഷിക്കുന്നതിനായി 60 മുറികൾ ഹാർബറിനുള്ളിൽ പണിയുന്നതിനായി 313 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആർ.കെ.വി.വൈ സ്കീമിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിനായി 24-01-15 ൽ കൃഷി വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ഹാർബറിൽ നിലവിലുള്ള ഫിഷ്സ്റ്റോറേജ് ഷെഡ് 18 മുറികളിലായി പാർട്ടീഷൻ ചെയ്യുന്ന പ്രവൃത്തിയ്ക്കായി 23.2.2015-ന് ദർഘാസ് ക്ഷണിക്കുകയുണ്ടായി. എന്നാൽ ദർഘാസിൽ ആരും പങ്കെടുക്കാത്തതുകൊ ണ്ട് 9-3-2015-ന് അവസാനതീയതിയായി പുനർദർഘാസ് ക്ഷണിച്ചിരിക്കുകയാണ്. |

**സെക്ഷൻ ഓഫീസർ**